പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2840

20.6.2013 ൽ
മറുപടിയ്ക്ക്

## ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവ് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) പൊതുവിപണിയിൽ ഒരു കിലോ പാലക്കാടൻ മട്ട അരിയ്ക്ക് 2010, 2011, 2012, 2013 വർഷങ്ങളിലെ മേയ് മാസത്തെ വില എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | എ) പൊതുവിപണിയിലെ ഒരുകിലോ പാലക്കാടൻ മട്ട അരിയുടെ 2010, 2011, 2012, 2013 വർഷങ്ങളിലെ മേയ് മാസത്തെ വിലവിവരം (എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ലഭ്യമാക്കിയത്) അനുബന്ധമായി ചേർക്കുന്നു. |
| ബി) അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; പ്രസ്തുത വർദ്ധനവിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | ബി) അരിയുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അരിയുടെ ആവശ്യകതയുടെ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന പ്രതികൂല കാലാവസ്ഥ പെട്രോൾ/ ഡീസൽ വില വർദ്ധനവ്, കയറ്റിറക്ക് കൂലിച്ചെലവ് വർദ്ധന തുടങ്ങിയവയ്ക്കനുസൃതമായി അരിയുടെ വിലയിലും ആനുപാതികമായ വർദ്ധനവുണ്ടാകുന്നു. കഴിഞ്ഞ വർഷത്തെ വരൾച്ച കേരളത്തിലെ നെല്ലുല്പാദനത്തെ കാര്യമായി ബാധിച്ചു. കർണ്ണാടകത്തിലെ കൃഷിയിൽ നെല്ലിനത്തിൽ വരുത്തിയ മാറ്റം മൂലം മട്ട അരിയുടെ ഉത്പാദനത്തിലും അവിടെ നിന്ന് കേരളത്തിലേക്കുള്ള അയറ്റി അയക്കലിലും കുറവുണ്ടായി. കൂടാതെ മറ്റ് അയൽസംസ്ഥാനങ്ങളിൽ നിന്ന് കുറുവ, ജയ എന്നീ അരിയിനങ്ങൾ വ്യാപകമായ തോതിൽ മറ്റ് രാജ്യങ്ങളിലേക്ക് കയറ്റുമതിയും ചെയ്തു തുടങ്ങി. ആയതിനാൽ കേരളത്തിലേക്കുള്ള അരിയുടെ വരവ് കുറഞ്ഞു. ഇവയെല്ലാം കേരളത്തിൽ അരിയുടെ വില വർദ്ധനവിനു കാരണമായി. അരിയുടെ വിലവർദ്ധനവ് തടയുന്നതിനായി പൊതു വിതരണ ശൃംഖലയിലൂടെ കുറഞ്ഞ നിരക്കിൽ അരി ലഭ്യമാക്കുന്നു. ബി.പി.എൽ കാർഡുടമകൾക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി. ഗ്രാം അരി നൽകുന്നു. എ.എ.വൈ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപ നിരക്കിൽ 35 കി.ഗ്രാം അരിയും അന്നപൂർണ്ണ കാർഡുടമകൾക്ക് സൗജന്യമായി 10 കി.ഗ്രാം അരിയും നൽകുന്നു. എ.പി.എൽ കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 9 കി.ഗ്രാം അരി നൽകുന്നു. എ.പി.എൽ വിഭാഗത്തിൽപ്പെട്ട രണ്ട് |

രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കി. ഗ്രാം അരി കിലോഗ്രാമിന് രണ്ട് രൂപാ നിരക്കിൽ നൽകുന്നു. കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നു. അവശ്യ സാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരികയും ചെയ്യുന്നു. കൂടാതെ കരിഞ്ചന്ത തടയുന്നതിനായി പരിശോധനകളും റെയ്ഡുകളും നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കൂടാതെ സപ്ലൈകോയുടെ അരിക്കട പദ്ധതി പ്രകാരം മട്ട അരി, പച്ചരി എന്നിവ 16 രൂപ ക്രമത്തിലും കുറുവ അരി 19 രൂപ നിരക്കിലും ജയ അരി 21 രൂപ പ്രകാരവും റേഷൻ കാർഡ് ഒന്നിന് 20 കി.ഗ്രാം പ്രകാരം പ്രതിമാസം വിതരണം ചെയ്തു വരുന്നു. കൂടാതെ ഒ.എം.എസ്.എസ് പ്രകാരം പുഴുക്കലരി 19.50 രൂപയ്ക്കും പച്ചരി 21.00 രൂപയ്ക്കും വിതരണം ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| സി) | പൊതു വിപണിയിൽ ഉള്ളിയുടെ വില വർദ്ധിച്ചിട്ടുണ്ടോ ; വില കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ? | സി) | പൊതുവിപണിയിൽ ഉള്ളിയുടെ വില വർദ്ധിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ്, സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നിവയുടെ വിപണന കേന്ദ്രങ്ങൾ വഴി ഉള്ളി മിതമായ നിരക്കിൽ വിൽപ്പന നടത്തുന്നുണ്ട്. |

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം

# Department of Economics & Statistics

*Statement showing the districrwise monthly average retail prices of Rice Matta*

| Sl.No. | Name of Commodity | Year | Unit | Thiruvananthapur | Kollam | Pathanamthitta | Alappuzha | Kottayam | Idukki | Ernakulam | Trissur | Palakkad | Malappuram | Kozhikode | Wayanad | Kannur | Kasargod | State Average |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | | | |
| 1 | Rice(red)open market Matta | May-10 | Kg. | 25.00 | 24.00 | 21.25 | 24.50 | 24.00 | 24.38 | 25.00 | 22.00 | 21.00 | 22.88 | 23.00 | 22.00 | 22.00 | 26.00 | 23.38 |
| 2 | Rice(red)open market Matta | May-11 | Kg. | 30.00 | 29.00 | 27.00 | 30.00 | 30.00 | 28.00 | 28.75 | 24.50 | 22.00 | 24.50 | 26.00 | 26.13 | 24.00 | 29.38 | 27.09 |
| 3 | Percentage variation of 2011 over 2010 | | | 20.00 | 20.83 | 27.06 | 22.45 | 25.00 | 14.87 | 15.00 | 11.36 | 4.76 | 7.10 | 13.04 | 18.75 | 9.09 | 12.98 | 15.87 |
| 4 | Rice(red)open market Matta | May-12 | Kg. | 27.00 | 25.00 | 25.00 | 25.00 | 27.00 | 25.50 | 26.00 | 25.00 | 22.00 | 22.00 | 24.00 | 22.67 | 24.00 | 26.00 | 24.71 |
| 5 | Percentage variation of 2012 over 2011 | | | -10.00 | -13.79 | -7.41 | -16.67 | -10.00 | -8.93 | -9.57 | 2.04 | 0.00 | -10.20 | -7.69 | -13.24 | 0.00 | -11.49 | -8.78 |
| 6 | Rice(red)open market Matta | May-13 | Kg. | 38.00 | 36.00 | 40.70 | 37.20 | 40.60 | 41.60 | 43.20 | 34.00 | 33.00 | 34.00 | 36.00 | 33.00 | 34.40 | 36.40 | 37.01 |
| 7 | Percentage variation of 2013 over 2012 | | | 40.74 | 44.00 | 62.80 | 48.80 | 50.37 | 63.14 | 66.15 | 36.00 | 50.00 | 54.55 | 50.00 | 45.59 | 43.33 | 40.00 | 49.77 |
| | | | | | | | | | | | | | | | | | | |
| | Percentage variation of 2013 over 2010 | | | 52.00 | 50.00 | 91.53 | 51.84 | 69.17 | 70.67 | 72.80 | 54.55 | 57.14 | 48.63 | 56.52 | 50.00 | 56.36 | 40.00 | 58.29 |

Beena
സെക്ഷൻ ഓഫീസർ